# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1255** **12.06.2014-ൽ മറുപടിക്ക്**

## കണ്ണൂർ ജില്ലയിലെ കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെട്ട റോഡ് നിർമ്മാണം

| ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ | | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|---|
| (എ) 2011 - 2012-ൽ കണ്ണൂർ ജില്ലയിൽ ഏതെല്ലാം റോഡ് നിർമ്മാണ പ്രവൃത്തികൾക്കാണ് കെ.എസ്. ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയത് ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര ; | (എ) | കണ്ണൂർ ജില്ലയിൽ 2011 - 2012 വർഷത്തിൽ കെ.എസ്.ടി.പി. മുഖാന്തിരം സംസ്ഥാന ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന ജോലികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. നെടുംപൊയിൽ - ഇരിട്ടി റോഡ് ഉപരിതലം പുതുക്കുന്നതിന് 4.16 കോടി രൂപ.<br>2. റോഡ് സേഫ്റ്റി പ്രവൃത്തിയുടെ ഭാഗമായി തളിപ്പറമ്പ് - ഇരിട്ടി റോഡിൽ 56.6 ലക്ഷം രൂപയുടെയും കണ്ണൂർ - മട്ടന്നൂർ റോഡിൽ 4.24 ലക്ഷം രൂപയുടെയും പ്രവൃത്തികൾ.<br>3. തളിപ്പറമ്പ് - ഇരിട്ടി റോഡിൽ തന്തോട്, ഇരിക്കൂർ, നിലാമറ്റം, ശ്രീകണ്ഠാപുരം, ചെങ്ങളായി എന്നീ 5 സ്ഥലങ്ങളിലായി റോഡ് വികസിപ്പിക്കുന്നതിനായി 13 കോടി രൂപ.<br>4. പിലാത്തറ - പാപ്പിനിശ്ശേരി റോഡിന്റെ മെയിന്റനൻസ് ജോലികൾക്കായി 6.31 കോടി രൂപ.<br>5. തലശ്ശേരി - വളവുപാറ റോഡിന്റെ മെയിന്റനൻസ് ജോലികൾക്കായി 16.10 കോടി രൂപ. |

(ബി) 2012-2013-ൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം റോഡ് നിർമ്മാണ പ്രവൃത്തികൾക്കാണ് കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയത് ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര ;

(ബി) കണ്ണൂർ ജില്ലയിൽ 2012 - 2013-ൽ കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പിലാത്തറ – പാപ്പിനിശ്ശേരി റോഡ്
   അടങ്കൽ തുക – 132.53 കോടി രൂപ.
2. തലശ്ശേരി - വളവുപാറ റോഡ്
   അടങ്കൽ തുക – 252 കോടി രൂപ.

(സി) 2013 - 2014-ൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം റോഡ് നിർമ്മാണ പ്രവൃത്തികൾക്കാണ് കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയത് ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര ;

(ഡി) 2014 - 2015-ൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം റോഡ് നിർമ്മാണ പ്രവൃത്തികളാണ് കെ.എസ്.ടി.പി. പദ്ധതിയിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്; മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; ഓരോ പ്രവർത്തിയുടെയും എസ്റ്റിമേറ്റ് തുക എത്രയാണ് ?

(സി) & (ഡി) കണ്ണൂർ ജില്ലയിൽ 2013 - 2014, 2014 - 2015 കാലഘട്ടത്തിൽ കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയൊന്നും നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ